പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3084 22.06.2012- ൽ മറുപടിയ്ക്ക്

<u>പാൽ, മുട്ട എന്നിവയുടെ ഉല്പാദനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി സംയോജിച്ച് പാൽ, മുട്ട എന്നിവയുടെ ഉല്പാദനം 50% വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുവാൻ 12-ാം പദ്ധതിയുടെ സമീപനരേഖയുടെ അടിസ്ഥാനത്തിൽ സമഗ്രമായ പദ്ധതി തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്.<br>തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി സംയോജിപ്പിച്ച് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് എസ്.എൽ.ബി.പി.സ്കീം പ്രകാരം ഒരു ലക്ഷം കന്നുകുട്ടികളെ ജനനം മുതൽ രജിസ്റ്റർ ചെയ്ത് തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും ആരോഗ്യ പരിരക്ഷയും നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 24-28 മാസത്തിനുള്ളിൽ പശുക്കളാക്കി മാറ്റുന്ന ഈ പദ്ധതിയിൽ 12,500/- രൂപ ഓരോ കർഷകനും സബ്സിഡി ലഭിയ്ക്കും. ഇതിൽ 6,250/- രൂപ പഞ്ചായത്ത് വിഹിതം ഉൾപ്പെടുന്നു. 25 കോടി രൂപ ഇതിനായി വകകൊള്ളിച്ചിട്ടുണ്ട്.<br>മുട്ടയുൽപാദനത്തിന് വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതി പ്രോത്സാഹിപ്പിക്കാൻ 10.42 കോടി രൂപ ചെലവിൽ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും വീട്ടുവളപ്പിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കും. കോഴി, കോഴിക്കൂട്, കോഴിതീറ്റ, മരുന്നുകൾ എന്നിവ വിതരണം നടത്തും. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും അവരുടെ മേൽനോട്ടത്തിൽ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നു. ഈ പദ്ധതിയിലൂടെ 857000 എണ്ണം കോഴികളെ വിതരണം ചെയ്യുവാനും അതിലൂടെ 3428000 മുട്ട ഉൽപ്പാദിപ്പിക്കാനും ആണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | എന്നുമുതൽ ഈ പദ്ധതി പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) | 2012-13 സാമ്പത്തിക വർഷം സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടുകൂടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ